**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5503** **13-08-2021 - ൽ മറുപടിയ്ക്ക്**

**ജാതി സർട്ടിഫിക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; | (എ) | 1996-ലെ കേരള (പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമം, 2002-ലെ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പട്ടികജാതി/പട്ടിക ഗേത്രവർഗ്ഗ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു വരുന്നത്. അപേക്ഷകൻ തന്റെ ജാതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായ പ്രാദേശികാന്വേഷണം നടത്തിയും ജാതി/മത വിവരങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടും, ലാന്റ് റവന്യൂ മാന്വൽ Vol.6, Para 240 പ്രകാരം അപേക്ഷകന്റെയും മാതാപിതാക്കളുടേയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിച്ചും ആവശ്യമുള്ള പക്ഷം അവകാശവാദമുന്നയിക്കുന്ന വ്യക്തിയുടെ അതേ ജാതി/മത വിഭാഗത്തിലുൾപ്പെട്ട അയൽസാക്ഷികളിൽ നിന്നുള്ള മൊഴികൾ ശേഖരിച്ചും തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. |
| (ബി) | പ്രസ്തുത സർട്ടിഫിക്കറ്റ് ലഭിക്കാൻ അപേക്ഷകന്റെ രണ്ട് അയൽവാസികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനു മുമ്പാകെ ഹാജരായി സത്യപ്രസ്താവന നൽകണമെന്ന വ്യവസ്ഥയുണ്ടോ എന്ന് അറിയിക്കുമോ? | (ബി) | 1996-ലെ കേരള (പട്ടികജാതികളും പട്ടികഗോത്രവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രങ്ങൾ നൽകൽ ക്രമപ്പെടുത്തൽ നിയമം, 2002-ലെ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് പട്ടികജാതി/പട്ടിക ഗേത്രവർഗ്ഗ സർട്ടിഫിക്കറ്റുകൾ അനുവദിച്ചു വരുന്നത്. അപേക്ഷകൻ തന്റെ ജാതി തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായ പ്രാദേശികാന്വേഷണം നടത്തിയും ജാതി/മത വിവരങ്ങളുടെ നിജസ്ഥിതി ബോദ്ധ്യപ്പെട്ടും, ലാന്റ് റവന്യൂ മാന്വൽ Vol.6, Para 240 പ്രകാരം |

| | | | |
|---|---|---|---|
| | | | അപേക്ഷകന്റെയും മാതാപിതാക്കളുടേയും ജാതി സംബന്ധിച്ച രേഖകൾ പരിശോധിച്ചും ആവശ്യമുള്ള പക്ഷം അവകാശവാദമുന്നയിക്കുന്ന വ്യക്തിയുടെ അതേ ജാതി/മത വിഭാഗത്തിലുൾപ്പെട്ട അയൽസാക്ഷികളിൽ നിന്നുള്ള മൊഴികൾ ശേഖരിച്ചും തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ